**കണ്ണൂർ സർവ്വകലാശാല**

**(ഡി ഒ എ )**

ഡി ഒ എ /A1/28/2025 തീയതി: 16.04.2025

**പ്രസിദ്ധീകരണത്തിന്**

**സർവകലാശാല പഠന വകുപ്പുകളിലെ/സെന്ററുകളിലെ പി.ജി.ഡിഗ്രി, ഡിപ്ലോമ പ്രോഗ്രാമുകളിലേക്കും, ത്രി വത്സര എൽ.എൽ.ബി, പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം**

2025-26 അധ്യയന വർഷത്തിൽ, കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിൽ/സെൻററുകളിൽ പി.ജി ഡിഗ്രി, ഡിപ്ലോമ പ്രോഗ്രാമുകളിലേക്കും മഞ്ചേശ്വരം ക്യാമ്പസിലെ ത്രിവത്സര എൽ.എൽ.ബി പ്രോഗ്രാമിനുമുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ **16.04.2025, 5.00 p.m. ന്** ആരംഭിക്കുന്നതും **15.05.2025 , 5.00 p.m. ന്** അവസാനിക്കുന്നതുമാണ്.

മുൻ സെമസ്റ്റർ/വർഷ പരീക്ഷകളെല്ലാം വിജയിച്ചവരും എന്നാൽ അവസാന സെമസ്റ്റർ/വർഷ ബിരുദ പരീക്ഷാഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ഈ വിദ്യാർത്ഥികൾ അഡ്മിഷന്റെ അവസാന തീയതിക്കകം സർവകലാശാല നിഷ്കർഷിച്ച യോഗ്യത നേടിയിരിക്കണം.

പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ **(www.admission.kannuruniversity.ac.in)** ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

പി.ജി, എൽ.എൽ.ബി പ്രോഗ്രാമിനുമുള്ള പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി/PwBD വിഭാഗങ്ങൾക്ക് 300/- രൂപയും മറ്റ് വിഭാഗങ്ങൾക്ക് 600/- രൂപയുമാണ്. ഓരോ അധിക പി.ജി, എൽ.എൽ.ബി പ്രോഗ്രാമിനും അപേക്ഷിക്കുന്നതിനുള്ള രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി/PwBD വിഭാഗങ്ങൾക്ക് 200/- രൂപ വീതവും, മറ്റ് വിഭാഗങ്ങൾക്ക് 400/- രൂപ വീതവുമാണ്. ഒരപേക്ഷകന് പരമാവധി **നാല്** പ്രോഗ്രാമുകൾ വരെ അപേക്ഷിക്കാവുന്നതാണ്.

പി.ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ചുവടെ ചേർത്ത പ്രകാരം പ്രത്യേകം രജിസ്ട്രേഷൻ ഫീസൊടുക്കി അപേക്ഷിക്കേണ്ടതാണ് .

| ക്രമ നം | പ്രോഗ്രാം | രജിസ്ട്രേഷൻ ഫീസ് | |
|---|---|---|---|
| | | SC/ST/PwBD വിഭാഗങ്ങൾക്ക് | മറ്റ് വിഭാഗങ്ങൾക്ക് |
| 1 | പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി | 500 | 1000 |
| 2 | പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് | 500 | 1000 |
| 3 | പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ എജ്യൂക്കേഷൻ | 250 | 500 |

**SBI e-pay വഴി** ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടത്. ഡി.ഡി., ചെക്ക്, ചലാൻ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

**ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും ഓൺലൈൻ പേയ്മെന്റിന്റെ പ്രിന്റ് ഔട്ടും സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് അതാത് പഠന വകുപ്പുകളിലേക്ക് സമർപ്പിക്കേണ്ടതുമാണ്.**

ഡിപ്ലോമ പ്രോഗ്രാമുകളൊഴികെയുള്ള പി.ജി.പ്രോഗ്രാമുകൾക്ക് ഓൺലൈനായി നടത്തുന്ന പ്രവേശനപരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിൻറെ അടിസ്ഥാനത്തിലാണ് പ്രവേശനം. പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്.

എം.ബി.എ പ്രോഗ്രാമിൻറെ പ്രവേശനം KMAT/CMAT/CAT എന്നീ പ്രവേശന പരീക്ഷകളുടെ സ്കോറിൻറെയും, ഗ്രൂപ്പ് ഡിസ്കഷൻ, ഇന്റർവ്യൂ എന്നിവയുടെ സ്കോറിന്റെയും അടിസ്ഥാനത്തിലാണ്.

വെയ്റ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

പ്രോസ്പെക്ടസ് ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സംശയങ്ങൾക്ക് ഫോൺ /ഇ-മെയിൽ മുഖാന്തരം മാത്രം ബന്ധപ്പെടുക.

ഹെൽപ്പ് ലൈൻ നമ്പറുകൾ : 7356948230
E -mail id: deptdoa@kannuruniv.ac.in

*ഒപ്പ്/-*
ഡയറക്ടർ ഡിറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി.ആർ.ഒ (പത്രത്തിലും തൊഴിൽ വാർത്ത, തൊഴിൽ വീഥി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനായി)
2.വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3.അന്വേഷണ വിഭാഗം
4. ഡയറക്ടർ, ഐ.ടി ഡയറക്ടറേറ്റ്

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ